©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, ബുധൻ
Thiruvananthapuram, Wednesday

2025 സെപ്റ്റംബർ 24
24th September 2025
1201 കന്നി 8
8th Kanni 1201
1947 ആശ്വിനം 2
2nd Aswina 1947

നമ്പർ No. **3399**

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 51/2025/തസ്വഭവ. തീയതി, തിരുവനന്തപുരം, *2025, സെപ്റ്റംബർ 21*
1201, കന്നി 05
1947, ഭാദ്രം 30.

എസ്. ആർ. ഒ. നമ്പർ 1098/2025

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 565-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2003 മാർച്ച് 18-ാം തീയതിയിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ. ഉ. (അച്ചടി) 92/2003/തസ്വഭവ. നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2003 ഏപ്രിൽ 16-ാം തീയതിയിലെ 618-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 335/2003-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ 2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി, ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു. അതായത്:-

ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.-(1) ഈ ചട്ടങ്ങൾക്ക് 2025-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങൾക്കുള്ള ഭേദഗതി</u>.-2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ, ചട്ടം 4 ന്റെ ഉപചട്ടം (5) ൽ, '500' എന്ന അക്കത്തിനു പകരം '3000' എന്ന അക്കം ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനുപമ ടി. വി.,

ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ മുനിസിപ്പൽ ചെയർമാന്റെ അല്ലെങ്കിൽ മേയറുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തര ഘട്ടങ്ങളിൽ ഒരു അപേക്ഷയുടെ അഭാവത്തിൽ തന്നെ നഗരസഭ അദ്ധ്യക്ഷന്, അർഹനായ ഒരു വ്യക്തിക്കോ കുടുംബത്തിനോ ദുരിതാശ്വാസനിധിയിൽ നിന്നും 500 രൂപ വരെ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.24 08:13:41 +05:30